"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലെ എല്ലാ ഗ്രാമപഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലും ഹാപ്പിനസ്സ് പാർക്കിനോട് അനുബന്ധിച്ച് **കൾച്ചറൽ പാർക്ക്** നിർമ്മിക്കുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് പ്രൊജക്ട് ഏറ്റെടുക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡി.ബി) വകുപ്പ്**

G.O.(Rt) No.2604/2025/LSGD തീയതി,തിരുവനന്തപുരം, 29-10-2025

---

പരാമർശം:-

1 13/11/2023 ലെ സ.ഉ (കൈ) നം.198/2023/ത.സ്വ.ഭ.വ സർക്കാർ ഉത്തരവ്

2 25/11/2024 ലെ സ.ഉ(സാ) നം.164/2024/ത.സ്വ.ഭ.വ സർക്കാർ ഉത്തരവ്

3. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 04/01/2024 ലെ യോഗ തീരുമാനം 4.5

**<u>ഉത്തരവ്</u>**

പതിനാലാം പഞ്ചവത്സരപദ്ധതിയുടെ ഭാഗമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ 2024-25 & 2025-26 വാർഷിക പദ്ധതികൾ തയ്യാറാക്കി അംഗീകാരം നേടുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങളിൽ ഉൾപ്പെടുത്തി തദ്ദേശഭരണ പ്രദേശങ്ങളിലെ എല്ലാ ഗ്രാമപഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലും നിശ്ചിത ഘടകങ്ങൾ ഉൾപ്പെടുത്തി ഹാപ്പിനസ്സ് പാർക്കുകൾ സ്ഥാപിക്കുന്നതിന് യഥാക്രമം പരാമർശം (1) & (2) പ്രകാരം അനുമതി നൽകി സർക്കാർ ഉത്തരവായിരുന്നു.

2) തുടർന്ന് 4/1/2024 ൽ ചേർന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റി ഇക്കാര്യം ചർച്ചചെയ്യുകയും തദ്ദേശഭരണ പ്രദേശങ്ങളിൽ ഹാപ്പിനസ്സ് പാർ ക്കിനോടനുബന്ധിച്ച് കൾച്ചറൽ പാർക്ക് കൂടി ഉൾപ്പെടുത്തി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് പ്രോജക്ട് നടപ്പിലാക്കാവുന്നതാണെന്ന് പരാമർശം (3) പ്രകാരം യോഗതീരുമാനം കൈക്കൊണ്ടിരുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (1) ലെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ എല്ലാ പഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും, കോർപ്പറേഷനുകളിലും ഹാപ്പിനസ് പാർക്കിനോടനുബന്ധിച്ച് പരാമർശം

(4) ലെ സംസ്ഥാനതല വികേന്ദ്രീകൃതാസൂത്രണ കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ യോഗ തീരുമാനത്തിൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം ഹാപ്പിനസ് പാർക്കിനോടനുബന്ധിച്ച് ചുവടെ ചേർത്തിരിക്കുന്ന ഘടകങ്ങൾ ഉൾപ്പെടുത്തി കൾച്ചറൽ പാർക്ക് കൂടി ഉൾപ്പെടുത്തി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് പ്രോജക്റ്റ് ഏറ്റെടുക്കുന്നതിനുള്ള അനുമതി നൽകിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

**<u>കൾച്ചറൽ പാർക്ക്</u>**

1) നവ മാധ്യമങ്ങളുടെ അതിപ്രസരത്തെ നിയന്ത്രിക്കുന്നതിന് ആവശ്യമായ ബദൽ മാർഗ്ഗത്തെ വളർത്തുക.

2) പ്രാദേശിക തലത്തിൽ സർഗ്ഗാത്മകതയെയും സാമൂഹിക പ്രതിബദ്ധതയെയും പ്രോത്സാഹിപ്പിക്കുക.

3) പ്രാദേശിക കലാകാരന്മാർക്ക് വളർന്നു വരാൻ അവസരമൊരുക്കുക

4) പ്രാദേശിക തലത്തിൽ ജനങ്ങൾക്കിടയിൽ സുദൃഢമായ ഹൃദയ ബന്ധങ്ങൾ വളർത്തുക.

5) വീട്ടമ്മമാർക്കും മുതിർന്ന പൗരന്മാർക്കും കുട്ടികൾക്കും അവരുടെ കഴിവുകൾ പ്രകടിപ്പിക്കാനുള്ള അവസരവും മാനസികോല്ലാസവും അതുവഴി മാനസികാരോഗ്യവും പ്രദാനം ചെയ്യുക.

6) വിദ്യാർത്ഥികളുടെ പാഠ്യേതര പ്രവർത്തനങ്ങൾക്ക് വേദി ഒരുക്കുക.

7) ജീവിതത്തിലെ വിരസതയെ മറികടക്കാനും കർമനിരതവും സന്തോഷപ്രദവുമായ ജീവിതം നയിക്കാനും സാധാരണക്കാരെ സഹായിക്കുക.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
LEENA N P
ADDITIONAL SECRETARY

1) പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയം ഭരണ വകുപ്പ്, തിരുവനന്തപുരം
2) തദ്ദേശ സ്വയംഭരണവകുപ്പിലെ എല്ലാ ജോയിന്റ് ഡയറക്ടർമാർക്കും
3) എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും (ജോയിന്റ് ഡയറക്ടർ മുഖേന)
4) പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) തിരുവനന്തപുരം
5) ചീഫ് മിഷൻ ഡയറക്ടർ , ഇൻഫർമേഷൻ കേരള മിഷൻ.
6) ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ വിങ്, ഐ & പി ആർ ഡി
7) കരുതൽ ഫയൽ (ഡി.ബി1/36/2024/എൽ.എസ്.ജി.ഡി)

ഉത്തരവിൻ പ്രകാരം

Signed by
Smitha L
സെക്ഷൻ ഓഫീസർ
Date: 30-10-2025 10:17:24